MONDAY 12-09-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/09/2022.

1. തിരുവനന്തപുരം ആനയറയിൽ പ്രവർത്തിക്കുന്ന കൃഷി ബിസിനസ് കേന്ദ്രയിൽ മല്ലി, കാബേജ്, കോളിഫ്‌ളവർ, മുളക്, പയർ തുടങ്ങിയ പച്ചക്കറി തൈകളും ഗംഗാബോണ്ടം തെങ്ങിൻ തൈകൾ തൈ ഒന്നിന് 200 രൂപയ്ക്കും, കുറ്റ്യാടി തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപയ്ക്കും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടാതെ ചുവപ്പ് നിറത്തിലുള്ള ഡ്രാഗൺഫ്രൂട്ട് തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിലും ലഭ്യമാണ്.

2. പേവിഷബാധ മുക്ത കേരള പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് മുഖേന ജില്ലയിലെ മൃഗാശുപത്രികളിലൂടെ നായ്ക്കുട്ടികൾക്കും പൂച്ചകൾക്കും സൗജന്യ നിരക്കിൽ പേവിഷബാധയ്ക്കെതിരെ വാക്സിനേഷൻ നടത്തുന്നു. ഇങ്ങനെ വാക്സിനേഷൻ നൽകിയ ഓമന മൃഗങ്ങളുടെ ഉടമസ്ഥർ അതാത് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് അവയെ വളർത്തുന്നതിനുള്ള ലൈസൻസ് എടുത്ത് റാബീസ് ഫ്രീ കേരള പദ്ധതിയുടെ ഭാഗമാകണമെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

3. ലോക റാബീസ് ദിനാചരണവുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 28-ന് മണ്ണുത്തി വെറ്ററിനറി കോളേജ് രോഗപ്രതിരോധ വിഭാഗം, മണ്ണുത്തി വെറ്റിനറി കോളേജ് ഹോസ്പിറ്റലിലും കൊക്കാല വെറ്റിനറി ഹോസ്പിറ്റലിലും രാവിലെ 9 മുതൽ ഉച്ചക്ക് പന്ത്രണ്ടു മണി വരെ ഓമനമൃഗങ്ങൾക്ക് (നായ, പൂച്ച) സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് സംഘടിപ്പിക്കുകയാണ്. കോവിഡ് പ്രതിരോധചട്ടങ്ങൾ മാനിച്ചുകൊണ്ട് മുൻകൂട്ടി രജിസ്റ്റർ ചെയ്തവരുടെ മൃഗങ്ങൾക്ക് മാത്രമേ സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് ഉണ്ടായിരിക്കുകയുള്ളൂ. താൽപര്യമുള്ളവർ സെപ്റ്റംബർ 20 തീയതിക്ക് മുമ്പായി രാവിലെ 9.30 മുതൽ ഉച്ചക്ക് 12.30 വരെ, **0487 2972065** എന്ന നമ്പറിലേക്ക് വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. ചെറുകിടറബ്ബർത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന വനിതാടാപ്പർമാരുടെ ആദ്യവിവാഹത്തിന് റബ്ബർബോർഡ് 10,000/ രൂപ വിവാഹധനസഹായം നൽകുന്നു. വനിതാടാപ്പർമാരുടെ രണ്ടു പെൺമക്കളുടെ ആദ്യവിവാഹത്തിനും ഈ ധനസഹായം ലഭിക്കുന്നതാണ്. വിവാഹം നടന്ന് 90 ദിവസത്തിനകം അപേക്ഷ നൽകണം. ഇതിനു പുറമെ വനിതാടാപ്പർമാരുടെ ആദ്യ രണ്ടു പ്രസവങ്ങൾക്ക് 7,000 രൂപാ വീതം

ആനുകൂല്യം നൽകുന്നതാണ്. റബ്ബറുത്പാദകസംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സംസ്കരണശാലകളിൽ ജോലിചെയ്യുന്ന വനിതാതൊഴിലാളികൾക്കും ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ഇതിനായി നിശ്ചിതഫോറത്തിലുള്ള അപേക്ഷ തൊട്ടടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0481 2301231** (എക്സ്റ്റൻഷൻ - 336) എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് **മട്ടുപ്പാവ് കൃഷി** എന്ന വിഷയത്തിൽ നാലു ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2022 സെപ്റ്റംബർ 14 മുതൽ 17 വരെ തൃശ്ശൂർ വെള്ളാനിക്കരയിൽ സ്ഥിതിചെയ്യുന്ന കർഷക ഭവനത്തിലാണ് പരിശീലനം നടക്കുന്നത്. മട്ടുപ്പാവ് കൃഷി രീതികൾ, ലംബകൃഷി, മട്ടുപ്പാവ് ലാൻഡ്സ്കേപ്പിംഗ്, ഹൈഡ്രോപോണിക്സ്, മട്ടുപ്പാവിലെ പൂന്തോട്ട പരിപാലനം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കുന്നു. പരിശീലന ഫീസ് 2000/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കുക. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റ് നൽകുന്നു. രജിസ്റ്റർ ചെയ്യാൻ താൽപര്യമുള്ളവർ **0487–2371104** എന്ന നമ്പറിൽ ബന്ധപ്പെടുക.

6. കാർഷിക സർവ്വകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റിൽ **ഹൈഡ്രോപോണിക്സ്** കൃഷിരീതിയിൽ സെപ്റ്റംബർ 22 മുതൽ 24 വരെയുള്ള തീയതികളിൽ 3 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **0487 2960079, 9961533547, 9037033547** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കേരള കാർഷിക സർവ്വകലാശാല, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തിയിൽ ഈ മാസം 28-നും (സെപ്റ്റംബർ 28) ഒക്ടോബർ 19, 20 -നും ചീര, മുരിങ്ങ, ബാസെല്ല ചീര, ചെക്കുർമാണിസ്, സാമ്പാർ ചീര, മല്ലി, തഴുതാമ, ഉലുവയില തുടങ്ങിയ ഇലക്കറി വിളകളുടെ കൃഷി മുറകളെ കുറിച്ച് സൗജന്യ ഓൺലൈൻ പരിശീലനം നടത്തുന്നു. https://forms.gle/bR3i4RaFfNX3xTp37 എന്ന

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലിങ്കിലൂടെ പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി സെപ്റ്റംബർ 20 ആണ്.

8. **കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

നീർവാർച്ച കുറഞ്ഞ സ്ഥലങ്ങളിൽ പൈനാപ്പിളിന് കുമിൾബാധ മൂലം വേരുചീയലും തണ്ടു ചീയലും കണ്ടു വരുന്നു. രോഗം ബാധിച്ച ചെടിയുടെ മദ്ധ്യഭാഗത്തുള്ള ഇലകൾ എളുപ്പത്തിൽ ഊരിപ്പോരുന്നതും അവയുടെ കടഭാഗം അഴുകി ദുർഗന്ധം വമിക്കുന്നതുമാണ് പ്രധാന ലക്ഷണങ്ങൾ. സ്യൂഡോമോണാസ് എന്ന ബാക്ടീരയപ്പൊടി മണ്ണിൽ ചേർത്തു കൊടുക്കുന്നതു വഴി രോഗം വരുന്നത് തടയാം. ഇതോടൊപ്പം വേരിൽ മീലിമുട്ടകളും കാണുന്നുണ്ട്. **വെർട്ടിസീലിയം** എന്ന **ജീവാണു 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ** എന്ന തോതിൽ വേരുഭാഗത്ത് ഒഴിച്ചു കൊടുത്ത് ഇവയെ നിയന്ത്രിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം